# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**DATE : 09.10.2023** **TIME : 6.30 PM**

### പ്രധാന വാർത്തകൾ

1. ഭക്ഷ്യ വൈവിധ്യവൽക്കരണത്തിലൂടെ ജനക്ഷേമം ഉറപ്പാക്കണമെന്ന് രാജ്യാന്തര ഭക്ഷ്യ സമ്മേളനത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു.
2. 16-ാമത് കൃഷി ശാസ്ത്ര കോൺഗ്രസ്സിന് നാളെ കൊച്ചിയിൽ തുടക്കമാകും, കേന്ദ്രമന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും.
3. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ സ്ഥിതി ആരോഗ്യമന്ത്രി നേരിട്ട് വിലയിരുത്തുന്ന ആർദ്രം ആരോഗ്യം പദ്ധതിക്ക് തുടക്കമായി.
4. സംസ്ഥാനത്തെ 11 റെയിൽവേ മേൽപ്പാലങ്ങൾക്ക് നിർമ്മാണാനുമതി നൽകിയതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.
5. സാമ്പത്തിക ശാസ്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ പുരസ്കാരം അമേരിക്കയിലെ പ്രൊഫസർ ക്ലൌഡിയ ഗോൾഡിനിന്.
6. ഏകദിന ലോക കപ്പ് ക്രിക്കറ്റിൽ ന്യൂസിലാൻഡിനെതിരെ നെതർലാന്റ്സിന് 323 റൺസ് വിജയലക്ഷ്യം.
7. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്കും കലടാക്രമണത്തിനും സാധ്യതയെന്ന് സമുദ്ര പഠന ഗവേഷണ കേന്ദ്രം.

&&&&&&&&&&&&&

## പ്രസിഡന്റ്-ഭക്ഷ്യസമ്മേളനം

ഭക്ഷ്യ വൈവിധ്യവൽക്കരണത്തിലൂടെ ഭക്ഷ്യ സുരക്ഷയും ജനക്ഷേമവും ഉറപ്പാക്കാൻ കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അന്താരാഷ്ട്ര കാർഷിക – ഭക്ഷ്യ സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കാർഷികോൽപാദനത്തിൽ തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം. കാർഷിക – ഭക്ഷ്യ സമ്പ്രദായത്തിന്റെ പരിവർത്തനത്തിന് നിരവധി വനിതാ സംരംഭകർ നിർണായക പങ്കാണ് വഹിക്കുന്നത്. ഇത് രാജ്യത്ത് വലിയ മാറ്റമാണ് കൊണ്ടുവരുന്നത്. മികച്ച പരിസ്ഥിതിയും ജൈവ വൈവിധ്യവും ഗുണകരമായ മാറ്റത്തിന് പ്രോത്സാഹനം നൽകുമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&

## പർഷോത്തം രൂപാല

കൊച്ചിയിൽ നാളെ നടക്കുന്ന 16-ാമത് കൃഷി ശാസ്ത്ര കോൺഗ്രസ് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. കാർഷിക ശാസ്ത്ര ദേശീയ അക്കാദമി സംഘടിപ്പിക്കുന്ന പരിപാടി ആദ്യമായാണ് കേരളത്തിൽ നടക്കുന്നത്. കൃഷി അനുബന്ധ വിഷയങ്ങൾ, ഭൂമിയും വെള്ളവും, കാർഷിക ഉൽപാദന സംവിധാനങ്ങൾ, ഉൽപന്നങ്ങൾ, കൃത്യമായ കൃഷി എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും കോൺഗ്രസ് ചർച്ച ചെയ്യും. കൃഷി ശാസ്ത്ര കോൺഗ്രസ് വെള്ളിയാഴ്ച സമാപിക്കും.

&&&&&&&&&&&&&

## ആർദ്രം ആരോഗ്യം'പരിപാടി

സംസ്ഥാനത്ത് 'ആർദ്രം ആരോഗ്യം'പരിപാടിക്ക് ഇന്ന് തുടക്കമായി. എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും ആരോഗ്യ വകുപ്പ് മന്ത്രി സന്ദർശനം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. സംസ്ഥാനത്ത് ആദ്യമായാണ് ഒരു മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം സന്ദർശിക്കുന്നത്. അതത് ജില്ലകളിലെ എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഡയറക്ടർ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ മന്ത്രിയോടൊപ്പമുണ്ട്. ആശുപത്രികളിലെ വികസനപ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുകയാണ് ലക്ഷ്യം. എല്ലാ ദിവസവും വൈകുന്നേരം എംഎൽഎമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അവലോകന യോഗവും നടക്കും. ജനകീയ പങ്കാളിത്തത്തോടെ ആർദ്രം മിഷൻ ലക്ഷ്യങ്ങൾ പൂർണമായി യാഥാർത്ഥ്യമാക്കാനാണ് പരിശ്രമിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇന്ന് എറണാകുളം, കോട്ടയം ജില്ലകളിലെ കോതമംഗലം, മൂവാറ്റുപുഴ, പിറവം, കുറവിലങ്ങാട്, പാല, കാഞ്ഞിരപ്പള്ളി, പാമ്പാടി, ചങ്ങനാശേരി ആശുപത്രികളാണ് സന്ദർശിച്ചത്.

&&&&&&&&&&&&&

## നിർമ്മാണാനുമതി

സംസ്ഥാനത്തെ 11 റെയിൽവേ മേൽപ്പാലങ്ങൾക്ക് നിർമ്മാണാനുമതി നൽകി. ആറു ജില്ലകളിലായാണ് ഇവ നിർമ്മിക്കുന്നത്. ആവശ്യമായിടത്ത് സ്ഥലം ഏറ്റെടുക്കുന്നതിനും പാലം നിർമ്മാണത്തിനുമായി 77.65 കോടി രൂപ ചെലവുവരുമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

&&&&&&&&&&&&&

## നോർക്ക

നഴ്സുമാർക്ക് അവസരങ്ങൾ ഒരുക്കുന്ന നോർക്ക യു.കെ റിക്രൂട്ട്മെന്റുകൾക്ക് നാളെ കൊച്ചിയിൽ തുടക്കമാകും. ഈമാസം 17 നും 18 നും കർണ്ണാടകയിലെ മംഗളൂരുവിലും റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&

## സജി ചെറിയാൻ

മത്സ്യ തൊഴിലാളികൾക്കിടയിൽ അപകടങ്ങൾ കൂടി വരുന്നത് കണക്കിലെടുത്ത് മത്സ്യബന്ധന മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പിലാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. മുനമ്പത്ത് മരിച്ച മത്സ്യത്തൊഴിലാളികളുടെ വീടുകൾ സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അപകടകരമായ മത്സ്യബന്ധനത്തിന് നിയന്ത്രണം കൊണ്ടുവരുമെന്നും അദ്ദേഹം അറിയിച്ചു. അപകടങ്ങളുടെ സാഹചര്യത്തിൽ, മത്സ്യബന്ധനത്തിന് പോകുന്നവരുടെ രജിസ്ട്രേഷൻ കർശനമായി നടപ്പാക്കും. മത്സ്യഫെഡ് 50,000 ലൈഫ് ജാക്കറ്റുകൾ നൽകിയിട്ടും പലരും മത്സ്യബന്ധനത്തിന്

പോകുമ്പോൾ ഇത് ഉപയോഗിക്കുന്നില്ലെന്നും മന്ത്രി സൂചിപ്പിച്ചു.

&&&&&&&&&&&&&

## പ്രവാസി കമ്മീഷൻ അദാലത്ത്

കേരള പ്രവാസി കമ്മീഷൻ ഈമാസം 25-ന് കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തും. . പ്രവാസികൾ നേരിടുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് പരാതി നൽകാം. പ്രവാസി സംഘടനാ പ്രതിനിധികളുമായി കമ്മീഷൻ സംവദിക്കും.

&&&&&&&&&&&&&

## കെ. രാധാകൃഷ്ണൻ- റീബിൽഡ്

പാവപ്പെട്ടവരെ കൈപിടിച്ച് ഉയർത്തുകയെന്നത് സമൂഹത്തിന്റെ ആകെ ഉത്തരവാദിത്തമാണെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ. പാലക്കാട്ട് കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 92 വീടുകളുടെ സമർപ്പണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പഞ്ചായത്തിലെ ലൈബ്രറി, ഓപ്പൺ ജിം, എം.സി.എഫ് ഓഫീസ് കെട്ടിടം എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&

## സംരംഭകത്വ ഉച്ചകോടി

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർഥി സംരംഭകത്വ ഉച്ചകോടിയുടെ

എട്ടാമത് പതിപ്പ് ഈമാസം 12 ന് തിരുവനന്തപുരം എൻജിനിയറിങ്ങ് കോളെജിൽ നടക്കും. സാങ്കേതികവിദ്യ, സംരംഭകത്വം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്ക◌ാൻ ലക്ഷ്യമിടുന്ന ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സംരംഭകത്വ മനോഭാവം വളർത്തിയെടുക്കാനും നൂതന ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടി സംരംഭകർക്ക് പരസ്പരം കാണുവാനും നിക്ഷേപകരുമായി സംവദിക്കുവാനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&

## മന്ത്രി അഹമ്മദ് ദേവർകോവിൽ

എല്ലാതരം ലഹരി പദാർഥങ്ങളേയും പൂർണമായി വെടിയുക എന്നതാണ് ഏറ്റവും വലിയ വിജയമെന്ന് തിരിച്ചറിയണമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ. എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&

## മന്ത്രി. പി എ മുഹമ്മദ് റിയാസ്

ഭിന്നശേഷിക്കാരെ ചേർത്തു നിർത്തി അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനാകണമെന്നും മന്ത്രി. പി എ മുഹമ്മദ് റിയാസ്. സമ്പൂർണ ഭിന്നശേഷി സൗഹൃദ മണ്ഡലം പദ്ധതിയുടെ ഭാഗമായുള്ള യു.ഡി.ഐ.ഡി കാർഡ് വിതരണത്തിന്റെയും മെഡിക്കൽ ബോർഡ്

ക്യാമ്പിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&

## പ്രധാനമന്ത്രി അഭിനന്ദിക്കും

ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ അത്‌ലറ്റുകളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ സംവദിക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്യും. പരിപാടിയിൽ, ഏഷ്യൻ ഗെയിംസിൽ മികച്ച നേട്ടം കൈവരിച്ച കായികതാരങ്ങളെ പ്രധാനമന്ത്രി അഭിനന്ദിക്കും. ഏഷ്യൻ ഗെയിംസിൽ 28 സ്വർണമെഡലുകൾ ഉൾപ്പെടെ 107 മെഡലുകളാണ് ഇന്ത്യ നേടിയത്. ആകെ നേടിയ മെഡലുകളുടെ എണ്ണത്തിൽ ഏഷ്യൻ ഗെയിംസിലെ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണിത്.

&&&&&&&&&&&&&

## സാമ്പത്തിക ശാസ്ത്രം - നൊബേൽ

ഈ വർഷത്തെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം ക്ലൗഡിയ ഗോൾഡിനിന്. അമേരിക്കയിലെ ഹാർവാർഡ് സർവകലാശാലയിലെ പ്രൊഫസറാണ് ഗോൾഡിൻ. തൊഴിൽ വിപണിയിലെ സ്ത്രീകളുടെ പങ്കും, സ്ത്രീകളുടെ തൊഴിൽ വിപണി ഫലങ്ങളെക്കുറിച്ചുള്ള പഠനങ്ങളും വിലയിരുത്തലുകളും സംബന്ധിച്ചുള്ള വിപുലമായ ഗവേഷണമാണ് ഗോൾഡിനിനെ പുരസ്കാരത്തിന് അർഹയാക്കിയത്. സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ പുരസ്ക്കാരം ലഭിക്കുന്ന മൂന്നാമത്തെ വനിതയാണ് ക്ലോഡിയ ഗോൾഡിൻ.

&&&&&&&&&&&&&

## നിയമസഭാ തിരഞ്ഞെടുപ്പ്

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. മിസോറാമിൽ നവംബർ 7 നും മധ്യപ്രദേശിൽ 17 നും വോട്ടെടുപ്പ്. ഛത്തീസ്ഗഡിൽ നവംബർ 7 നും 17 നും രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കും. രാജസ്ഥാനിൽ നവംബർ 23 ന് വോട്ടെടുപ്പ് നടക്കും. തെലങ്കാനയിൽ നവംബർ 30 നാണ് തെരഞ്ഞെടുപ്പ്. ഡിസംബർ 3 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&

## ലോക തപാൽദിനം

ഇന്ന് ലോക തപാൽദിനം. 1874-ൽ സ്വിസ് തലസ്ഥാനമായ ബേണിൽ യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ സ്ഥാപിതമായതിന്റെ വാർഷികമാണ് തപാൽ ദിനമായി ആചരിക്കുന്നത്. വിശ്വാസത്തിനായി ഒരുമിച്ച് ; സുരക്ഷിതവും പരസ്പരബന്ധിതവുമായ ഒരു ഭാവിയ്ക്കായി ഒന്നിക്കൽ എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

&&&&&&&&&&&&&

## അടൂർ അന്താരാഷ്ട്ര ചലച്ചിത്രമേള (ഇൻട്രോ)

ഏഴാമത് അടൂർ അന്താരാഷ്ട്ര ചലച്ചിത്രമേള ഈ മാസം 13 മുതൽ 15 വരെ നടക്കും. ലോക ചിത്രങ്ങൾ, ഇന്ത്യൻ ചിത്രങ്ങൾ, പ്രാദേശിക ചിത്രങ്ങൾ എന്നീ മൂന്ന് വിഭാഗങ്ങളിലായി നടക്കുന്ന ചലച്ചിത്രമേളയിലെ ഈ വർഷത്തെ മുഴുവൻ ചിത്രങ്ങളുടെയും സംവിധായകർ വനിതകളാണെന്ന പ്രത്യേകതയുമുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(ഹോൾഡ് – വോയിസ്)**

&&&&&&&&&&&&&

**ലക്ഷദ്വീപ് മുൻ എം പി**

വധശ്രമ കേസിൽ ലക്ഷദ്വീപ് മുൻ എം പി മുഹമ്മദ് ഫൈസലിന് ആശ്വാസം. കേസിൽ കുറ്റക്കാരാനാണെന്ന കേരളാ ഹൈക്കോടതി ഉത്തരവ് സുപ്രിംകോടതി സ്റ്റേ ചെയ്തു. ഹൈക്കോടതി ഉത്തരവിനെതിരെ മുഹമ്മദ് ഫൈസൽ സമർപ്പിച്ച ഹർജിയിലാണ് സ്റ്റേ.

&&&&&&&&&&&&&

**ലോകകപ്പ് ക്രിക്കറ്റ്**

ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലാന്റിനെതിരെ നെതെർലൻഡ്സിന് 323 റൺസ് വിജയലക്ഷ്യം.

ഹൈദരാബാദ് രാജീവ്ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ടോസ് നേടിയ നെതർലൻഡ്സ് ന്യൂസിലന്ഡിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു. നിർദ്ദിഷ്ട 50 ഓവറിൽ ന്യൂസീല◌ാൻഡ് 7 വിക്കറ്റിന് 322 റൺസ് എടുത്തു.

&&&&&&&&&&&&&

## ഉയർന്ന തിരമാല

കേരള - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം നൽകി. മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കണമെന്നും ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&

## വി.ഡി സതീശൻ - കത്ത്

രാജ്യാന്തര താരങ്ങൾ കേരളം വിടുന്നത് നിരാശാജനകമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സംഭവത്തിൽ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് അദ്ദേഹം മുഖ്യമന്ത്രിയ്ക്കും കായികമന്ത്രിക്കും കത്തയച്ചു. രാജ്യാന്തര ബാഡ്മിന്റൺ താരം എച്ച്.എസ് പ്രണോയ്ക്ക് പിന്നാലെ ട്രിപ്പിൾ ജംപ് താരങ്ങളായ എൽദോസ് പോൾ,

അബ്ദുല്ല അബൂബക്കർ എന്നിവരാണ് കേരളം വിടുന്നെന്ന് വെളിപ്പെടുത്തിയത്. ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തിന്റെ കായിക മേഖലയെ തളർത്തുമെന്നും പ്രതിപക്ഷ നേതാവ് കത്തിൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&

## കെ.സുരേന്ദ്രൻ

സംസ്ഥാന സർക്കാർ കായിക താരങ്ങളോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. കായിക താരങ്ങൾക്ക് പരസ്യമായി പ്രതികരിക്കേണ്ടി വന്നത് ഗതികേട് കൊണ്ടാണ്. സംഭവത്തിൽ മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&

## ഭൂപതിവ്

ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി നടപ്പിലാകുന്നതോടെ കാർഷിക മേഖലയിൽ ഉണ്ടാകുന്ന മുന്നേറ്റം ജനങ്ങളിൽ എത്തിക്കുന്നതിനായി കേരള കോൺഗ്രസ് (എം) ഇടുക്കി ജില്ലാ കമ്മിറ്റി നടത്തുന്ന ഭൂപതിവ് സന്ദേശയാത്ര ആരംഭിച്ചു. പാർട്ടി ചെയർമാൻ ജോസ് കെ. മാണി എം.പി ജാഥ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 483 പോയിന്റ് താഴ്ന്ന് 65,512 -ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 141 - പോയിന്റ് കുറഞ്ഞ് 19,512 -ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കൂടി. പവന് 160 രൂപ വർധിച് 42,680 രൂപയും, ഗ്രാമിന് 20 രൂപ കൂടി, 5,335 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&&&